**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2486** **12-10-2021 - ൽ മറുപടിയ്ക്ക്**

**റബ്ബർ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | റബ്ബറധിഷ്ഠിത വ്യവസായത്തിനായി റബ്ബർ പാർക്ക് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ പ്രസ്തുത പാർക്കിന്റെ ആസ്ഥാനം എവിടെയാണെന്നും ഗുണഫലങ്ങൾ എന്താണെന്നും വിശദമാക്കുമോ? | (ബി) | സംസ്ഥാനത്ത് മൂല്യ വർദ്ധിത റബ്ബർ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി 'കേരള റബ്ബർ ലിമിറ്റഡ്' എന്ന ഒരു കമ്പനി രൂപീകരിച്ചിട്ടുള്ളതും മാനേജിങ് ഡയറക്ടറെ നിയമിച്ചിട്ടുള്ളതുമാണ് . പ്രസ്തുത കമ്പനിയുടെ പ്രവർത്തനങ്ങൾക്ക് കോട്ടയം ജില്ലയിലെ വെള്ളൂരിൽ സർക്കാർ ലേലത്തിൽ ഏറ്റെടുത്ത ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് കമ്പനിയുടെ ഭൂമിയിൽ നിന്ന് ആവശ്യമായ സ്ഥലം ഉപയോഗിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഉയർന്ന വളർച്ച നിരക്ക്, പ്രകൃതിദത്ത റബ്ബറിന്റെ (എൻ.ആർ) ഉയർന്ന ഉപഭോഗം, മികച്ച കയറ്റുമതി സാധ്യത, ഉയർന്ന പ്രവർത്തന മാർജിൻ തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുത്ത് ഉൽപാദിപ്പിക്കപ്പെടേണ്ട റബ്ബർ അധിഷ്ഠിത ഉൽപ്പന്നങ്ങൾ കണ്ടെത്തി മൂല്യവർദ്ധന സംരംഭങ്ങളുടെ വ്യവസായം പ്രോത്സാഹിപ്പിക്കുയും ത്വരിതപ്പെടുത്തുകയുമാണ് 'കേരള റബ്ബർ ലിമിറ്റഡിന്റെ' പ്രവർത്തനോദ്ദേശ്യം. പ്രസ്തുത കമ്പനി വഴി റബ്ബർ അധിഷ്ഠിത മൂല്യ വർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും അത് വഴി റബ്ബർ കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനും ഉതകുന്ന രീതിയിലുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത് പ്രകൃതിദത്ത റബ്ബറിന്റെ മൂല്യവർദ്ധനവ് സുഗമമാക്കുക, റബ്ബർ കർഷകർക്ക് മെച്ചപ്പെട്ട വില സാക്ഷാത്കാരം ഉറപ്പാക്കുക എന്നിവ ലക്ഷ്യമിട്ടാണ് കെ.ആർ.എൽ-ന് രൂപം നൽകിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ